വിദ്യാഭ്യാസം

ഡോ. എ.ബി മൊയ്തീൻ കുട്ടി

# മൗലാനാ ചാലിലകത്തും വാഴക്കാട് ദാറുൽ ഉലൂമും

കേരളമുസ്‌ലിംകളുടെ മതവിദ്യാഭ്യാസരംഗത്ത് വിപ്ലവത്തിന് തുടക്കം കുറിച്ച മഹാനാണ് മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. 'വായിച്ചൂട്ടി ഓത്തി'ൽ തുടങ്ങി 'മൂസാകി'ലോ 'പത്ത് കിതാബി'ലോ ഒടുങ്ങിയ മുസ്‌ലിം മതവിദ്യാഭ്യാസത്തിന് ശാസ്ത്രീയവും മികവുറ്റതുമായ ഒരു സംവിധാനം ആവിഷ്കരിക്കാനും അത് പ്രായോഗികമാണെന്ന് തെളിയിക്കാനും ചാലിലകത്തിന് കഴിഞ്ഞു. ബോർഡിൽ ഖുർആൻ സൂക്തങ്ങളെഴുതുക, പെൺകുട്ടികൾ കൈയെഴുത്ത് പഠിക്കുക, മലയാളം-ഇംഗ്ലീഷ് ഭാഷകൾ അഭ്യസിക്കുക ഇത്യാദി വിഷയങ്ങളിൽ കർമശാസ്ത്രവിധികൾ തലനാരിഴ കീറി പരിശോധിച്ച് അനവധി സ്റ്റേജും പേജും ചെലവിട്ട സമുദായം വിവിധ ഗ്രൂപ്പുകൾ തിരിഞ്ഞ് ശതക്കണക്കിൽ മദ്റസകളും കോളേജുകളും 'ജാമിഅകളും' നടത്തുന്ന പരുവത്തിലെത്തിയതിന് മുസ്‌ലിം കേരളം ചാലിലകത്തിനോടും സമകാല സുഹൃത്തുക്കളോടും കടപ്പെട്ടിരിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ചാലിലകത്തിന്റെ വിദ്യാഭ്യാസ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുരങ്കം വെച്ചവരുടെ പിൻമുറക്കാർ ഇന്ന് 'ചാലിലകത്തിനെ പുരോഗമനക്കാർ ഹൈജാക്ക് ചെയ്യുകയാണെ'ന്ന് പരിതപിക്കുന്നേടത്തെത്തിയിരിക്കുന്നു കാര്യങ്ങൾ. എൺപത്തെട്ടു വർഷം മുമ്പ് ശൂന്യതയിൽനിന്ന് മദ്റസാ പ്രസ്ഥാനത്തെ കരുപ്പിടിപ്പിച്ചെടുത്ത പ്രത്യുൽപന്നമതിയും ദീർഘദർശിയുമായ ആ യോഗിവര്യനെ നമുക്ക് നന്ദിപൂർവം സ്മരിക്കുക.

മലബാറിലെ മുസ്‌ലിം പരിഷ്കർത്താക്കളിലൊരാളായ മൗലാനാ കുഞ്ഞഹമ്മദ് ഹാജി തിരൂർ താലൂക്കിലെ ആദൃശ്ശേരി മൂത്താട്ട് കാള മൊയ്തീൻ കുട്ടി ഹാജിയുടെ മകനായി 1866-ൽ ജനിച്ചു. തിരൂരങ്ങാടി ചാലിലകത്ത് കുഞ്ഞായി ഹാജി എന്നു വിളിച്ചിരുന്ന ഖുസ്വയ്യ് ഹാജിയുടെ മകൾ ഫാതിമയായിരുന്നു മാതാവ്. വിവാഹബന്ധം വേർപ്പെടുത്തിയ മാതാവൊത്ത് താമസിച്ച കുഞ്ഞഹമ്മദിന് ഖുർആൻ പഠിപ്പിച്ചത് ഉമ്മ തന്നെയാണ്. കോഴിക്കോട്ടെ ഒരു പ്രൈമറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടി. തുടർന്ന് സ്വന്തം മാതുലൻ അലിഹസൻ മൗലവി, കോടഞ്ചേരി കരുവാക്കോട് മമ്മദുകുട്ടി മുസ്‌ലിയാർ എന്നിവരിൽനിന്ന് അറബിയുടെയും ഫിഖ്ഹിന്റെയും ബാലപാഠങ്ങൾ അഭ്യസിച്ചു. പിന്നീട് കോഴിക്കോട് മൂദാക്കര ജുമുഅത്ത് പള്ളി, പൊന്നാനി വലിയ ജുമുഅത്ത് പള്ളികളിൽ ചേർന്നു പഠിച്ചു. ശേഷം അമ്മാവന്മാരുടെ നിർദേശപ്രകാരം വേലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് അറബിക്കോളേജിൽ ഉപരിപഠനത്തിനു ചേർന്നു. കോളേജ് സ്ഥാപകനും പ്രിൻസിപ്പലുമായിരുന്ന മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്ത് അദ്ദേഹത്തിന്റെ ഗുരുനാഥനായിരുന്നു. ഒരു വർഷം അവിടെ പഠിച്ച ശേഷം അടുത്തകൊല്ലം വേലൂരിലെ തന്നെ ലത്വീഫിയ്യാ കോളേജിലേക്ക് മാറി. ആറു വർഷം നീണ്ട അവിടത്തെ പഠനം പൂർത്തിയാക്കി 1893-ൽ ബിരുദധാരിയായി പുറത്തുവന്ന അദ്ദേഹം അദ്റാം പട്ടണത്തിലെ അഹ്മദ് സാലിം സാഹിബിന്റെ ശിഷ്യത്വം സ്വീകരിച്ച് ജ്യോതിശാസ്ത്ര വിവരങ്ങൾ പ്രതിപാദിക്കുന്ന *രിസാലത്തുൽ മാറദീനി* എന്ന ഗ്രന്ഥം പഠിച്ചു. മലയാളം, അറബി, ഉർദു, പേർഷ്യൻ, സംസ്കൃതം, തമിഴ് ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി.

ലത്വീഫിയ്യാ കോളേജിൽനിന്ന് പുറത്തിറങ്ങുമ്പോൾ മൗലാനായോട് അവിടെത്തന്നെ മുദർരിസായി ചാർജെടുക്കാൻ ഭാരവാഹികൾ നിർബന്ധിച്ചെങ്കിലും അദ്ദേഹം സ്വദേശത്ത് പ്രവർത്തിക്കാനാണിഷ്ടപ്പെട്ടത്. തിരൂരങ്ങാടിയിൽ വന്ന് ഉടനെതന്നെ പള്ളിക്ക് തറ കെട്ടി. അതിന്മേൽ ഓലകൊണ്ട് ഷെഡ് കെട്ടി. അതിനാൽ തറമ്മൽ പള്ളി എന്നറിയപ്പെട്ട പ്രസ്തുത പള്ളിയിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യദർസ്. പിന്നീടദ്ദേഹം മയ്യഴിയിൽ ദർസ് നടത്തി. ഖുത്ബി മുഹമ്മദ് മുസ്‌ലിയാർ, ചാലിലകത്ത് മുഹമ്മദ് ഹാജി തുടങ്ങിയവർ മയ്യഴിയിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്.

മയ്യഴി വിട്ടശേഷം അദ്ദേഹം പുളിക്കൽ ജുമുഅത്ത് പള്ളിയിൽ മുദർരിസായി. ദർസ് നടത്തുന്നതിനിടെ പള്ളിയുടെ ഖിബ്‌ല പരിശോധിക്കാനിടയായി. കോഴിക്കോട്ടുനിന്ന് ഇരുപത്തിരണ്ട് ഡിഗ്രി വടക്കുപടി

ഞ്ഞാറാണ് കഅ്ബയുടെ സ്ഥാനം. വളരെ സൂക്ഷ്മതയോടെ ഖിബ്‌ലക്കു നേരെ തന്നെ തിരിഞ്ഞുനിന്നാലേ നമസ്കാരം ശരിയാകൂ എന്നും, അതല്ല, ഡിഗ്രി ശ്രദ്ധിക്കാതെ കഅ്ബയുള്ള ഭാഗത്തേക്ക് തിരിഞ്ഞാൽ മതി എന്ന വാദവുമുണ്ടായിരുന്നു പണ്ഡിതന്മാർക്കിടയിൽ. (ഇതിൽ ആദ്യാഭിപ്രായം ഖിബ്‌ല ഐൻ വാദമെന്നും രണ്ടാമത്തേത് ഖിബ്‌ല ജിഹത്ത് വാദമെന്നും അറിയപ്പെട്ടു). ചാലിലകത്തിന്റെ പരിശോധനക്കിടയിൽ പുളിക്കൽ പള്ളിയുടെ ഖിബ്‌ലയുടെ ദിശ ശരിയല്ലെന്ന് വ്യക്തമായി. അതേ തുടർന്ന് പല പള്ളികളും പരിശോധിച്ചപ്പോൾ മിക്കതിന്റെയും ഖിബ്‌ല തെറ്റാണെന്ന് ഖിബ്‌ല ഐൻ വാദക്കാരനായിരുന്ന കുഞ്ഞഹമ്മദ് ഹാജി പരസ്യമായി പ്രഖ്യാപിച്ചു. അത് പ്രമാദമായ ഖിബ്‌ലാതർക്കത്തിന് വഴിതെളിച്ചു. ഇന്ത്യക്കു പുറത്തുള്ള പണ്ഡിതന്മാരിൽ തന്റെ വാദത്തെ അനുകൂലിക്കുന്നവരിൽനിന്ന് ചാലിലകത്ത് ഫത്‌വകൾ എഴുതിവരുത്തി. *തുഹ്ഫത്തുൽ അഹ്ബാബ്* എന്ന പേരിൽ അറബി -മലയാളത്തിൽ ഇത് സമാഹരിക്കപ്പെട്ടിട്ടുണ്ട്. 1908 സെപ്റ്റംബർ 20-ന് ഖിബ്‌ല ഐൻ വാദക്കാരും ഖിബ്‌ല ജിഹത്ത് വാദക്കാരും പുളിക്കലിൽ വെച്ച് തുറന്ന സംവാദം നടത്തി.

പുളിക്കലിൽ നിന്നൊഴിഞ്ഞ മൗലാനാ പിന്നീട് വാഴക്കാട് ദാറുൽ ഉലൂമിലെ പ്രധാനാധ്യാപകനായി. അത് ദാറുൽ ഉലൂമിന്റെയെന്നല്ല, കേരള മുസ്‌ലിം ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവായി മാറി.

## ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

1871-ലാണ് (കൊല്ലവർഷം 1046) വാഴക്കാട് പള്ളിദർസിന്റെ തുടക്കം. കൊയപ്പത്തൊടി മമ്മദ്കുട്ടി സാഹിബ്- അദ്ദേഹം ശിരസ്തദാറായിരുന്നു- തന്റെ നാൽപതാം നമ്പർ സ്വത്ത് മതപഠനത്തിനും പ്രചാരണത്തിനും വഖ്ഫ് ചെയ്തു. വഖ്ഫ് ചെയ്യുക പതിവായിരുന്നെങ്കിലും ഇതുപോലൊരു ആവശ്യത്തിനുള്ള വഖ്ഫ് പുതിയ അനുഭവമായിരുന്നു. 1871 ഒക്ടോബർ മൂന്നിന് അദ്ദേഹം വഖ്ഫ് ചെയ്ത സ്വത്തുവകകളായിരുന്നു ദാറുൽ ഉലൂമിന്റെ ആദ്യ സമ്പത്ത്. അഞ്ചു വർഷത്തിനുശേഷം അദ്ദേഹത്തിന്റെ മകൻ മൊയ്തീൻ കുട്ടി സാഹിബും കുറച്ചു സ്വത്ത് ദാറുൽ ഉലൂമിന് ദാനം ചെയ്തു.

കൊയപ്പത്തൊടി തറവാട്ടുകാർ വാഴക്കാട് കുന്നുംപുറത്ത് പണിത നിസ്കാര പള്ളിയിലെ ദർസിന് നേതൃത്വം കൊടുത്തത് മുസ്‌ലിയാരകത്തു സൈനുദ്ദീൻ മുസ്‌ലിയാർ ആയിരുന്നു. ചാലിയം കുഞ്ഞാലിക്കുട്ടി മുസ്‌ലിയാർ, പൊന്നാനി ബാവ മുസ്‌ലിയാർ, കീഴുപറമ്പ് ഇബ്റാഹീം കുട്ടി മുസ്‌ലിയാർ, ചെറുവാട് മമ്മത് മുസ്‌ലിയാർ, വാഴക്കാട് അഹ്മദ് കുട്ടി മുസ്‌ലിയാർ മുതലായവരും അവിടെ മുദർരിസുമാരായിരുന്നിട്ടുണ്ട്.

ചെറുശ്ശേരി അഹ്മദ് കുട്ടി മൗലവി വാഴക്കാട് മുദർരിസായിരിക്കെയാണ് മൗലാനാ ചാലിലകത്ത് വാഴക്കാട്ടെത്തുന്നത്. കുഞ്ഞഹ്മദ് ഹാജിയുടെ പാണ്ഡിത്യത്തെക്കുറിച്ച് നല്ല ധാരണയുണ്ടായിരുന്ന ചെറുശ്ശേരി അദ്ദേഹത്തെ വിളിക്കാൻ കൊയപ്പത്തൊടി മൊയ്തീൻകുട്ടി ഹാജിയെ പ്രേരിപ്പിക്കുകയായിരുന്നു. അങ്ങനെ 1908 മുതൽ അദ്ദേഹം വാഴക്കാട് മുദർരിസായി.

മുസ്‌ലിം മതവിദ്യാഭ്യാസത്തിന്റെ നടപ്പുരീതികളെ വെറുത്ത മൗലാനാ മതപഠനത്തിന് കൂടുതൽ ഓജസ്സു നൽകുന്നതിനെക്കുറിച്ച് ചിന്തിച്ചു. ആ ചിന്തയാണ് കേരളത്തിൽ മദ്റസാ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. 1910-ൽ അദ്ദേഹം ശിരസ്തദാർ കൊയപ്പത്തൊടി മോയിൻ കുട്ടി ഹാജിയുടെ പിന്തുണയോടെ ദാറുൽ ഉലൂം മദ്റസ സ്ഥാപിച്ചു. മദ്റസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ച് ചാലിലകത്ത് തയാറാക്കി 1913 ജനുവരി 1-ന് പ്രസിദ്ധീകരിച്ച 'വാഴക്കാട് മദ്റസാ ദാറുൽ ഉലൂം എന്ന വിവിധ വിദ്യാലയനിമയങ്ങളിൽ' ഇങ്ങനെ കാണാം: "ഉദ്ദേശ്യം: മുഹമ്മദീയർക്ക് മതഭാഷയായ അറബി ഭാഷയിലും മറ്റും ദൈവിക-ലൗകികങ്ങളായ വിദ്യാഭ്യാസങ്ങൾ നൽകി സന്മാർഗവും രാജഭക്തിയും നാഗരികത്വവും ഉണ്ടാക്കിത്തീർക്കുകയാകുന്നു."

അങ്ങനെ 1913-ഓടുകൂടി കേരളത്തിൽ ഇസ്‌ലാമിക മതപഠനത്തിന് അന്നത്തെ അത്യന്താധുനിക സൗകര്യങ്ങളുള്ള പാഠശാല സ്ഥാപിതമായി. മതവിദ്യാഭ്യാസത്തിന് ചോക്കും ബോർഡും ബെഞ്ചും ഡെസ്കും അന്നാദ്യമായി കേരളത്തിൽ ഉപയോഗിച്ചു തുടങ്ങി. മുതഅല്ലിമീങ്ങൾ(വിദ്യാർഥികൾ)ക്ക് താമസിക്കാൻ ഹോസ്റ്റലായി. ഭക്ഷണം കഴിക്കാൻ മെസ്സായി. മുദർരിസുമാർക്ക് രാപാർക്കാൻ പ്രത്യേക വീടുകളും.

മദ്റസാ ദാറുൽ ഉലൂമിന്റെ സിലബസ്സും അധ്യയനരീതിയും എങ്ങനെയായിരുന്നു? 1913-ലെ ബൈലോ തന്നെ വായിക്കുക:

## പാഠവിഷയങ്ങൾ

"ഈ മദ്റസയിൽ അറബി ഭാഷയിലായിട്ട് *ലുഗത്ത്* എന്ന ഭാഷിതവും സ്വർഫ്, നഹ്‌വ്, മആനി, മൻത്വിഖ്, ബദീഅ്, ബയാൻ എന്നീ ഭാഗങ്ങൾ അടങ്ങിയ വ്യാകരണവും *അഖീദ* എന്ന വിശ്വാസധർമവും *ഫിഖ്ഹ്* എന്ന കർമോപദേശവും *തസ്വവ്വുഫ്* എന്ന ആത്മീയശുദ്ധീകരണ ജ്ഞാനവും *തഫ്സീർ* എന്ന ഖുർആൻ വ്യാഖ്യാനവും *ഹദീസ്* എന്ന പ്രവാചകത്തിരുവചനവും *മുനാദറ* എന്ന തർക്കശാസ്ത്രവും *താരീഖ്* എന്ന ചരിത്രവും *ജഗ്രാഫിയ* എന്ന ഭൂമിശാസ്ത്രവും *ഹൈഅത്ത്* എന്ന വാനശാസ്ത്രവും *ഹന്തസ* എന്ന ശിൽപിശാസ്ത്രവും *ഹിസാബ്* എന്ന കണക്കും മലയാളവും മറ്റും സമയപ്രകാരം പഠിപ്പിക്കുന്നതാകുന്നു. ആ വക പാഠവിഷയങ്ങളിൽനിന്നു ഓരോ സംവത്സരത്തേക്ക് ആവശ്യമായ കിതാബുകൾ തെരഞ്ഞെടുത്ത് 10 സംവത്സരത്തോളം ഒരു വിദ്യാർഥിക്ക് (മുതഅല്ലിമിന്നും)

തുടർച്ചയായി പഠിപ്പിക്കാൻ വേണ്ട കിതാബുകളുടെ ഒരു പട്ടിക ഹെഡ്മുദർരിസ് 8-ാം നമ്പ്ര് മാതിരിയിൽ തയാറാക്കി മാനേജറുടെ ഒപ്പോടുകൂടി മദ്റസയിൽ സൂക്ഷിക്കുകയും അതിൽ വല്ല ഭേദഗതിയും ആവശ്യമായി കാണുമ്പോൾ ഹെഡ്മുദർരിസിന്റെ ശിപാർശപ്രകാരം മാനേജർ ഭേദപ്പെടുത്തുകയും ചെയ്യുന്നതാകുന്നു.

**പാഠസമയം**

മദ്റസയിൽ പഠിപ്പാൻ ആഗ്രഹിക്കുന്നവരും 10 വയസ്സിൽ കുറയാത്തവരും മുഹമ്മദീയരും ഖുർആൻ പഠിച്ചവരും ആയ ആൺകുട്ടികളെയും മുതിർന്നവരെയും ഹെഡ് മുദർരിസിന്റെ ബോധ്യത്തിന്നനുസരിച്ച് 9-ാം നമ്പ്ര് മാതിരിയിൽ ഉള്ളതും മദ്രാസ് എജുക്കേഷനൽ റൂൾസ് പ്രകാരമുള്ളതും ആയ പ്രവേശന പട്ടികയിലും അഭിവൃദ്ധി നടവടി റജിസ്ത്രിലും ചേർത്ത് ഹെഡ്മുദർരിസ് സൂക്ഷിക്കുകയും ആ വക മുതഅല്ലിമീങ്ങൾ ശഅ്ബാൻ മാസം 20-ാം നു മുതൽ 47 ദിവസവും ദുൽഹജ്ജ് മാസം 6-ാംനു മുതൽ 10 ദിവസവും മറ്റു സമയങ്ങളിൽ വെള്ളിയാഴ്ചകളും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 8 മണിക്ക് മദ്റസാ മണി അടിക്കുമ്പോൾ ക്ലാസ്സിൽ ഹാജരായി ഇരിക്കുകയും അപ്പോൾ ക്ലാസ് മുദർരിസ് 10-ാം നമ്പ്ര് മാതിരിയിൽ തയാറാക്കിയ മദ്രാസ് എജുക്കേഷനൽ റൂൾസ് പ്രകാരമുള്ള ഗുരുനാഥന്മാർക്കുള്ള ഹാജർ പട്ടികയിൽ ഒപ്പിട്ട് 11-ാം നമ്പ്ര് മാതിരിയിൽ മേപ്പടി റൂൾസ് പ്രകാരമുള്ള ഹാജർ പട്ടിക പ്രകാരം വിദ്യാർഥികളുടെ പേർ വിളിച്ചു അടയാളം ഇട്ട് 12-ാം നമ്പ്ര് മാതിരിയിൽ ഹെഡ് മുദർരിസിനാൽ തയാറാക്കപ്പെട്ടതും മാനേജർ സാങ്ക്ഷ്യൻ ചെയ്തതും ആയ ക്ലാസ് തോറും ഉള്ള പാഠസമയ പട്ടിക പ്രകാരം പഠിപ്പിക്കാൻ തുടങ്ങുകയും 12 മണിക്ക് മുതഅല്ലിമീങ്ങളെ നമസ്കാരത്തിനും ഭക്ഷണത്തിനും വേണ്ടി വിട്ടയക്കുകയും ഒന്നര മണിക്ക് വീണ്ടും മണി അടിക്കുമ്പോൾ ക്ലാസ്സിൽ പ്രവേശിച്ച് പഠിപ്പ് ആരംഭിച്ച് 4 മണിക്ക് മദ്റസ പിരിയുകയും ചെയ്യുന്നതാകുന്നു. ഈ അവസരങ്ങളിൽ പഠിപ്പിനു ഹാജരാകുവാൻ സാധിക്കാത്തവർ 13-ാം നമ്പ്ര് മാതിരിയിൽ ഒരു ഹരജി തയാറാക്കി ഹെഡ് മുദർരിസിനു ബോധിപ്പിക്കുകയും കൽപനക്കുള്ള കാരണം തൃപ്തികരമാണെങ്കിൽ, ഏഴു ദിവസത്തോളം ഹെഡ് മുദർരിസും ഒരു ദിവസത്തോളം സെക്രട്ടറിയും അതിൽ കവിഞ്ഞ കൽപനകൾ മാനേജറും സാങ്ഷൻ ചെയ്യുകയും കൽപന വാങ്ങാതെ ഹാജറില്ലാത്ത മുതഅല്ലിമീങ്ങൾ തങ്ങളുടെ ഹാജറില്ലായ്മക്ക് തൃപ്തികരമായ സമാധാനം ഏഴു ദിവസത്തിനുള്ളിൽ ഹാജരാക്കാത്ത പക്ഷം അവരുടെ പേരുകളെ ഹെഡ് മുദർരിസ് റജിസ്ട്രുകളിൽനിന്ന് നീക്കുകയും വിവരത്തിനു സെക്രട്ടറിക്ക് 14-ാം നമ്പ്ര് മാതിരിയിൽ ഒരു പരിത്യാഗറിപ്പോർട്ട് അയക്കുകയും സെക്രട്ടറിഅതിനെ യാദാസ്ത് സഹിതം ബോർഡിംഗ് ഹൗസ് സൂപ്രണ്ടിന് അയച്ചു 15-ാം നമ്പ്ര് മാതിരിയിലുള്ള ബോർഡിംഗ് റജിസ്ട്രിൽനിന്നു അവന്റെ പേര് നീക്കുകയും ഇപ്രകാരം നീക്കിയവരെ മാനേജർക്ക് മാത്രം വീണ്ടും ചേർത്താവുന്നതുമാണ്. ഈ വകുപ്പ് പ്രകാരമുള്ള ഹാജരും കൽപനയും ശിക്ഷാരക്ഷകളും മുതഅല്ലിമീങ്ങൾക്കും മുദർരിസീങ്ങൾക്കും മറ്റു പ്രവൃത്തിക്കാർക്കാർക്കും ഒരേ പോലെ ബാധകമുള്ളതാകുന്നു. രാത്രി 8 മണിക്ക് ശേഷം 20 വയസ്സിനു താഴെയുള്ള യാതൊരു മുതഅല്ലിമും മദ്റസയിലാകട്ടെ, പള്ളിയിലാകട്ടെ താമസിക്കുകയോ ഉറങ്ങുകയോ ചെയ്‌വാൻ പാടുള്ളതല്ല.

**പഠിപ്പ്**

ഏതു വിഷയത്തിലുള്ള കിതാബിൽനിന്നും ഓരോ ദിവസത്തെ പാഠം ആരംഭിക്കുമ്പോൾ മുദർരിസിന്റെ കൽപനക്കനുസരിച്ച് മുതഅല്ലിമീങ്ങൾ പാഠകിത്താബുകളിൽനിന്നു ഓരോ വാചകം മാത്രം വായിച്ച് അർഥം വ്യാഖ്യാനിക്കുകയും പിന്നീട് അവയിൽ മുദർരിസിന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും മുദർരിസ് കൊടുക്കുന്ന അറബി വാചകങ്ങളെ മലയാളത്തിൽ ഭാഷാന്തരപ്പെടുത്തുകയും പാഠവിഷയങ്ങളിൽനിന്ന് ഏതെങ്കിലും ഒരു സംഗതിയെയോ സാധനത്തെയോ സംബന്ധിച്ച് അറബിഭാഷയിൽ നിത്യവും ഓരോ പ്രബന്ധം (ബയാൻ) എഴുതുകയും അവയെ മുദരിസ് തെറ്റു തീർത്ത് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നതാകുന്നു. അതതു പാഠങ്ങളിലുള്ള പ്രയാസമേറിയ പദങ്ങളുടെയും വാചകങ്ങളുടെയും ഒരു ചുരുക്ക സാരം പാഠദിവസത്തിന്റെ തലേദിവസം തന്നെ മുതഅല്ലിമീങ്ങൾക്ക് വാക്ക് മൂലമോ എഴുത്തു മൂലമോ ആയി മനസ്സിലാക്കുകയും അവർ അത് നോട്ടുപുസ്തകങ്ങളിൽ കുറിച്ചു വെക്കുകയും ചെയ്യേണ്ടതാകുന്നു. യുക്തമായി കാണുന്ന മറ്റു മാർഗങ്ങളും അഭ്യസിപ്പിക്കുന്നതാണ്. ഈ വക ആവശ്യങ്ങൾക്കും മറ്റു സംശയനിവൃത്തികൾക്കും സഹായകമായിട്ട് മദ്റസയിൽ ഒരു കിത്താബ്ശാല (ലൈബ്രറി) ഉണ്ടായിരിക്കുകയും അവയിൽ സൂക്ഷിക്കപ്പെടുന്ന കിത്താബുകളുടെ പേർവിവരം 16-ാം നമ്പ്ര് മാതിരിയിലുള്ള കിത്താബ് റജിസ്ത്രിൽ ചേർത്ത് ഹെഡ്മുദർരിസും മാനേജറും ഒപ്പിട്ട് ലൈബ്രറിയൻ എന്ന ഹാഫിളുൽ കുത്തുബിന്റെ കൈവശം ഏൽപിക്കുകയും അദ്ദേഹം ഹെഡ് മുദർരിസിന്റെ കീഴിൽ ആയി ഒരു വായനാമുറിയിൽ നമ്പ്ര് ഇട്ട് സൂക്ഷിക്കുകയും മദ്റസയിൽ പഠിപ്പിക്കുന്നവരും പഠിക്കുന്നവുരം കിത്താബുകൾ നോക്കാൻ ആവശ്യപ്പെട്ടാൽ 17-ാം നമ്പ്ര് മാതിരിയിലുള്ള കിത്താബ് കൈമാറ്റ രജിസ്ത്രിൽ ഒപ്പിടിയിച്ച് വാങ്ങി നോക്കാൻ അനുവദിക്കുകയും ഹെഡ് മുദർരിസിന്റെ അനുവാദപ്ര

കാരം മദ്റസയിൽനിന്ന് പുറത്ത് കൊണ്ടുപോകാതെ 3 ദിവസത്തോളം കൈവശം വെക്കുകയും ചെയ്യാവുന്നതാകുന്നു.

## പരീക്ഷ

അതത് കൊല്ലം നവമ്പ്ര് മാസത്തിലോ, അന്നു നോമ്പ് കൽപനയാണെങ്കിൽ കൽപന തുടങ്ങുന്നതിനു രണ്ടാഴ്ച വട്ടം മുമ്പായിട്ടോ മാനേജർ തിരഞ്ഞെടുക്കും പ്രകാരമുള്ള പരീക്ഷകന്മാർ എല്ലാ വിഷയങ്ങളിലും ചോദ്യകടലാസ്സുണ്ടാക്കി മാർക്ക് നിശ്ചയിച്ചു നിശ്ചിത സമയത്ത് മദ്റസയിൽ വെച്ച് പരീക്ഷ നടത്തുകയും പരീക്ഷകന്മാർ തന്നെ ഉത്തരങ്ങൾ നോക്കി മാർക്കിട്ട് 3-ൽ 2 അംശം മാർക്ക് കിട്ടുന്നവരെ വിജയികളാക്കി 18-ാം നമ്പ്ര് മാതിരിപ്രകാരം ജയഫലപട്ടിക തയാറാക്കി ഹെഡ്മുദരിസ് മുഖേന സെക്രട്ടറിക്ക് അയക്കേണ്ടതാകുന്നു.

കേരളത്തിലെ മറ്റു ദർസുകളിൽനിന്ന് ഭിന്നമായ അധ്യയനരീതിയും പുതിയ വിഷയങ്ങളും ദാറുൽ ഉലൂമിൽ തുടങ്ങിയതോടെ കേരളത്തിന്റെ നാനാ ദിക്കുകളിൽനിന്നും മതവിദ്യാർഥികൾ വാഴക്കാട്ടേക്ക് പ്രവഹിച്ചു. ചാലിലകത്ത് വരുമ്പോൾ മുദർരിസായിരുന്ന ചെറുശ്ശേരി അഹ്മദ് കുട്ടി മൗലവി പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്നു. കൂടാതെ ഖുത്ബി മുഹമ്മദ് മുസ്‌ലിയാർ, തയ്യിൽ മുഹമ്മദ് കുട്ടി എന്ന കെ.എം മൗലവി, കവടത്തൂർ കുഞ്ഞഹമ്മദ് എന്ന ഇ.കെ മൗലവി, ആയഞ്ചേരി തറക്കണ്ടി അബ്ദുർറഹ്മാൻ മുസ്‌ലിയാർ, ഇ. മൊയ്തു മൗലവി തുടങ്ങിയവരും അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്.

ദാറുൽ ഉലൂമിന്റെ വളർച്ച കണ്ട് സന്തുഷ്ടനായ മാനേജർ കൊയപ്പത്തൊടി മോയിൻകുട്ടി സാഹിബ്, നാട്ടുകാരായ ബാലികാബാലന്മാർക്ക് കൂടി മതപഠനത്തിന് സൗകര്യം വേണമെന്ന് മൗലാനായോട് ആവശ്യപ്പെട്ടു. അത് സമ്മതിച്ച അദ്ദേഹം കുട്ടികൾക്കായി മദ്റസ ആരംഭിച്ചു. ബോർഡും ബെഞ്ചുമൊക്കെ ഒരുക്കി. പാഠപുസ്തകങ്ങൾ തയാറാക്കിത്തുടങ്ങി. പഠിതാക്കളെ പരിശോധിച്ചു തരം തിരിച്ചു. കെ.എം. മൗലവി, ഇ.കെ മൗലവി, ഇ. മൊയ്തുമൗലവി, പി.കെ മൂസ മൗലവി തുടങ്ങിയവരായിരുന്നു അന്ന് അവിടെ അധ്യാപകർ.

മദ്റസാ പ്രസ്ഥാനവുമായി ചാലിലകത്ത് രംഗത്തു വന്നതോടെ യാഥാസ്ഥിതിക പുരോഹിതന്മാർ എതിർപ്പുമായി രംഗത്തുവന്നു. വഖ്ഫ് സ്വത്ത് മദ്റസാനടത്തിപ്പിന് ഉപയോഗിക്കൽ ഹറാമാണെന്നായിരുന്നു അവരുടെ ന്യായവാദം. അവർ സാത്വികനും ശുദ്ധനുമായിരുന്ന മോയിൻകുട്ടി സാഹിബിനെ ആശയക്കുഴപ്പത്തിലാക്കി. തന്നെ സമീപിച്ച് വിശദീകരണം തേടിയ സാഹിബിന് മൗലാനാ മറുപടി നൽകിയത് പുതിയ പാഠപുസ്തകങ്ങളും കുട്ടികളുടെ പഠനനിലാവരവും പരിശോധിക്കാൻ പ്രഗ്തഭരായ പണ്ഡിതരെ വിളഇക്കുകയെന്നായിരുന്നു. അങ്ങനെ പൊന്നാനി മഖ്ദൂം ചെറിയബാവ മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ തുടങ്ങി ഒട്ടനേകം പണ്ഡിതരും സമുദായ നേതാക്കളും എത്തി. ഗ്രന്ഥങ്ങൾ പരിശോധിച്ച പണ്ഡിതന്മാർ അതിന് അംഗീകാരം സ്ഥിരീകരിച്ചു. തുടർന്ന് മദ്റസയിലെ കുട്ടകിളെ പരിശോധിക്കാനാവശ്യപ്പെട്ടു. പരിശോധകരുടെ ചോദ്യങ്ങൾക്കെല്ലാം കുട്ടികൾ ഉചിതമായി ഉത്തരം പറഞ്ഞു. അങ്ങനെ സംതൃപ്തരായാണ് പണ്ഡിതന്മാർ മടങ്ങിയത്.

പക്ഷേ, പൗരോഹിത്യം അടങ്ങിയിരുന്നില്ല. അവർ പിന്നെയും പ്രചാരവേലകൾ തുടർന്നു. പരിശോദനക്കായി പണ്ഡിതരെത്തിയ ദിവസം അവർക്കായി അധികാരിയുടെ വസതിയിൽ സൽക്കാരമൊരുക്കിയിരുന്നു. അതിൽ കുഞ്ഞഹമ്മദ് ഹാജി സംബന്ധിച്ചിരുന്നില്ല. അവിടെവെച്ച് മേൽ പണ്ഡിതന്മാർ അധികാരിയോട് ഇങ്ങനെ പറഞ്ഞു: "നാം മദ്റസക്കായി വലിയ സംഖ്യ ചെലവ് ചെയ്യുന്നു. തർക്കത്തിലിരിക്കുന്ന ഒരു സ്ഥാപനത്തിന് ചെലവു ചെയ്യുന്നതിനേക്കാൾ നല്ലത് തർക്കമില്ലാത്ത വിഷയങ്ങളിൽ ചെലവ് ചെയ്യുന്നതല്ലേ?" ഇതു കേട്ട് ആശയക്കുഴപ്പത്തിലായ അധികാരി പരിഷ്കരണ ശ്രമങ്ങൾ കൈയൊഴിച്ച് പഴയ രൂപത്തിൽ ദർസ് നടത്താൻ മൗലാനായോട് ആജ്ഞാപിച്ചു. അതിനു വഴങ്ങാൻ നിവൃത്തിയില്ലാതെ ശിഷ്യഗണങ്ങളോടൊപ്പം അദ്ദേഹം വാഴക്കാട് വിട്ടു.

തുടർന്ന് ചാലിലകത്തും വാഴക്കാട് ദാറുൽ ഉലൂമും തനതു വഴികളിലൂടെ നീങ്ങി. കുറച്ചു കാലം നല്ലളത്ത് ദർസ് നടത്തിയ മൗലാനാ പിന്നീട് മണ്ണാർക്കാട്ടുനിന്ന് കല്ലടി മൊയ്തു സാഹിബിന്റെ ക്ഷണമനുസരിച്ച് അവിടെ ജുമുഅത്ത് പള്ളിയിൽ ദർസ് തുടങ്ങി. ഇത് 1917-ലായിരുന്നു. 1919-ൽ അവിടെ വെച്ച് തന്നെ അദ്ദേഹം മരണമടഞ്ഞു. കാളവണ്ടിയിൽ തിരൂരങ്ങാടിയിലേക്ക് കൊണ്ടുവന്ന മയ്യിത്ത് അദ്ദേഹം മുൻകൈയെടുത്ത് നിർമിച്ച തറമ്മൽ പള്ളിപരിസരത്ത് ഖബ്റടക്കി.

## ദാറുൽ ഉലൂം ചാലിലകത്തിനുശേഷം

ചാലിലകത്ത് പോയത് മമ്മദുകുട്ടി സാഹിബിനെ വിഷമിപ്പിച്ചെന്നു തോന്നുന്നു. അദ്ദേഹം ചാലിലകത്തിന്റെ ഗുരു അബ്ദുൽ അസീസ് സാഹിബിനെ വേലൂരിൽനിന്ന് ദാറുൽ ഉലൂമിൽ കൊണ്ടുവന്നു. കുറച്ചുനാൾ അദ്ദേഹമാണ് ദാറുൽ ഉലൂമിനെ നയിച്ചത്. 1934-ൽ മമ്മദു കുട്ടി സാഹിബ് മരിക്കുന്നതുവരെ ദാറുൽ ഉലൂമിന്റെ പ്രതാപകാലമായിരുന്നു. 1908 മുതൽ 1913 വരെയുള്ള ചാലിലകത്തിന്റെ കാലയളവൊഴിച്ച് വാഴക്കാട്, ജനാബുമാർ യൂസുഫ് ഫദ്ഫരി, ചെറുശ്ശേരി അഹ്മദ് കുട്ടി മുസ്‌ലിയാർ, ഖുത്ബി മുഹമ്മദ് മുസ്‌ലിയാർ, കൊല്ലോളിൽ അഹ്മദ് കുട്ടി മൗലവി, തറക്കണ്ടി അബ്ദുർറ

ഹ്മാൻ മൗലവി ആയഞ്ചേരി, അബ്ദുൽ ഖാദിർ ഫദ്ഫരി എന്നിവർ 1934 വരെയുള്ള കാലത്ത് പ്രധാന അധ്യാപകരായി സേവനമനുഷ്ഠിച്ചു.

1934 മുതൽ ദാറുൽ ഉലൂം അസോസിയേഷൻ നിലവിൽ വരുന്നതുവരെ ദാറുൽ ഉലൂം പഴയരീതിയിൽ തന്നെ മുന്നോട്ടു പോയി. ഈ കാലയളവിൽ ഫദ്ഫരിക്ക് പുറമെ കുഞ്ഞബ്ദുല്ല മുസ്‌ലിയാർ, കെ. പി.എ മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ എന്നിവർ പ്രധാന അധ്യാപകരായി ദാറുൽ ഉലൂമിലുണ്ടായിരുന്നു.

1944 മുതൽ, മച്ചിങ്ങൽ മമ്മദു കുട്ടി സാഹിബിന്റെ നേതൃത്ത്തിലുള്ള അസോസിയേഷൻ തീരുമാനിച്ചതനുസരിച്ച് ദാറുൽ ഉലൂം മദ്റസ *കുല്ലിയത്തു ദാറുൽ ഉലൂ*മായി. അങ്ങനെ മലബാറിലെ ആദ്യ മദ്റസ തന്നെ മലബാറിലെ ഒന്നാമത്തെ അറബിക്കോളേജായി മാറി. ദാറുൽ ഉലൂം കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പലായി ചാലിലകത്തിന്റെ പുത്രൻ എം.സി.സി അബ്ദുർറഹ്മാൻ മൗലവി ചാർജെടുത്തു. പിതാവ് വിതച്ചതു കൊയ്തു മകൻ ചരിത്രത്തോട് പകരം വീട്ടിയതുപോലെ.

അന്ന് കോളേജിൽ 9 ക്ലാസുകളും പത്ത് അധ്യാപകരുമാണ് ഉണ്ടായിരുന്നത്. അധ്യാപകരിൽ എം.സി.സി ഹസൻ മൗലവി, ശൈഖ് മുഹമ്മദ് മൗലവി, എം.ടി അബ്ദുർറഹ്മാൻ മൗലവി, അബുസ്സ്വലാഹ് മൗലവി, കെ. മുഹമ്മദ് മൗലവി മുതലായ എട്ടു പേരും യൂനിവേഴ്സിറ്റി ബിരുദധാരികളായിരുന്നു.

ദാറുൽ ഉലൂം ഒരിക്കലും ഒരു 'പാർട്ടി സ്കൂളാ'യിരുന്നില്ല. എല്ലാ വിഭാഗക്കാരും ഇവിടെ പഠിച്ചു. ഇവിടെനിന്ന് പുറത്തിറങ്ങിയവർ കേരളത്തിലെ എല്ലാ ഇസ്‌ലാമിക സംഘടനകൾക്കും ഉപകരിച്ചിട്ടുണ്ടെന്നതാണ് ശരി. മർഹൂം എം.സി.സി അബ്ദുർറഹ്മാൻ മൗലവി മുജാഹിദ് പ്രസ്ഥാനത്തിന്റെ അമരക്കാരനും പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജിന്റെ സ്ഥാപകനുമായിരുന്നപ്പോൾ മർഹൂം കെ.സി അബ്ദുല്ല മൗലവി ജമാഅത്തെ ഇസ്‌ലാമി അമീറും ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജിന്റെ സ്ഥാപകനുമായി. കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ സുന്നീ വിഭാഗത്തിന്റെ സർവാദരണീയനായ നേതാവും ജാമിഅ നൂരിയ്യയുടെ അമരക്കാരനുമായിരുന്നു. മർഹൂം ഡോ. മുഹ്‌യിദ്ദീൻ ആലുവായിയെ പോലെ സംഘടനാ ലേബലില്ലാത്തവരും കുറവല്ല.

എം.സി.സി അബ്ദുർറഹ്മാൻ മൗലവി 1946 വരെ മാത്രമേ ദാറുൽ ഉലൂമിൽ പ്രിൻസിപ്പലായി തുടർന്നുള്ളൂ. കേരള ജംഇയ്യത്തുൽ ഉലമയുടെ സെക്രട്ടറിയായിരുന്ന അദ്ദേഹം മാനേജ്മെന്റുമായുള്ള അഭിപ്രായഭിന്നത നിമിത്തം 1946-ൽ ദാറുൽ ഉലൂം വിട്ടു. തുടർന്ന് അനിശ്ചിതകാലത്തേക്ക് ദാറുൽ ഉലൂം പൂട്ടി. ചാലിലകത്തിന്റെ പുത്രൻ പിതാവിന്റെ പാത പിന്തുടർന്ന് പുളിക്കലെത്തി. 1947 ജൂലൈ ഒന്നിനു മദീനത്തുൽ ഉലൂം അറബിക്കോളേജ് തുടങ്ങി. തുടർന്ന് രണ്ടു വർഷം ഒരു തരം അനിശ്ചിതാവസ്ഥയായിരുന്നു. പി.സി മുഹമ്മദ് മൗലവിയും ബീരാൻ മൗലവിയും മാറി മാറി ക്ലാസ്സെടുത്തു. 1949 ആഗസ്റ്റ് 15-ന് സമസ്ത കേരള ജംഇയത്തുൽ ഉലമാ സെക്രട്ടറി കെ.പി.എ മുഹ്‌യിദ്ദീൻ കുട്ടി മൗലവി സദർ മുദരിസായി വന്നതോടെ പഴയ മുദർരിസ് സമ്പ്രദായം തിരിച്ചുവന്നു. 1949-ൽ ആരംഭിച്ച ആ ബാച്ചിലെ കുട്ടികൾ 1959-ൽ പുറത്തിറങ്ങി.

## കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ കീഴിൽ

1969-ലെ പുതിയ കമ്മിറ്റി കോളേജ് പുനഃസംഘടിപ്പിക്കുകയും 1973-ൽ ദാറുൽ ഉലൂം കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ അംഗീകാരം നേടുകയും ചെയ്തു. കെ. മൊയ്തീൻ കുട്ടി ഹാജി, ഡോ. മുഹമ്മദ് കുട്ടി മുതലായവരാണ് ഇതിന് നേതൃത്വം നൽകിയത്. ഡോ. അബ്ദുല്ല അസ്ഹരിയായിരുന്നു അന്നത്തെ പ്രിൻസിപ്പൽ. ഈ കാലയളവിലാണ് കോളേജിൽ പെൺകുട്ടികൾക്ക് പ്രവേശനം ലഭിച്ചതും വനിതാ ഹോസ്റ്റൽ തുടങ്ങിയതും. അദ്ദേഹത്തിനുശേഷം അബ്ദുൽ അസീസ് മൗലവി പ്രധാന അധ്യാപകനായി. ഇപ്പോൾ ദാറുൽ ഉലൂം അസോസിയേഷന്റെ കീഴിൽ ദാറുൽ ഉലൂം കോളേജും ഒരു പള്ളി ദർസുമുണ്ട്. ജമാലുദ്ദീൻ സാഹിബാണ് ഇപ്പോഴത്തെ സ്വദ്ർ മുദർരിസ്. മൊയ്തീൻകുട്ടി ഫൈസിയും പി.സി മുഹമ്മദ് മൗലവിയും ക്ലാസ്സെടുക്കുന്നു.

മമ്മദ് കുട്ടി സാഹിബിനെ തുടർന്ന് അഹ്മദ് കുട്ടി ഹാജി എം.എൽ.എ അസോസിയേഷന്റെ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹം പഴമയിലേക്കൊരു തിരിച്ചുപോക്കിന് ശ്രമിച്ചിരുന്നു. 1950-ൽ അദ്ദേഹം മരണമടഞ്ഞതിനാൽ ആ ശ്രമം വിജയിച്ചില്ല. കുറച്ചു നാളുകൾ അസോസിയേഷന്റെ പ്രവർത്തനം നാമമാത്രമായി. വഖ്ഫിന്റെ ഭരണം മുതവല്ലി ഏറ്റെടുത്തു. പാലപ്പുറ അഹ്മദ് കുട്ടി സാഹിബിനു ശേഷം ഒരിക്കൽ കൂടി മുതവല്ലി ഭരണം നിലവിൽവന്നു. അതിനെതിരെ ചിലർ പരാതി ഉന്നയിച്ചപ്പോൾ 1969-ൽ വഖ്ഫ് ബോർഡ് പ്രതിനിധികൾ കൂടി പങ്കെടുത്ത ഒരു യോഗത്തിൽ ദാറുൽ ഉലൂം അസോസിയേഷൻ പുനഃസംഘടിപ്പിക്കപ്പെട്ടു. കൊയപ്പത്തൊടി കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷന്മാർ അംഗങ്ങളായ ഒരു ജനറൽ ബോഡിയും ഒമ്പതംഗ സമിതി എക്സിക്യൂട്ടീവുമാണ് ഇപ്പോഴുള്ളത്. കുടുംബത്തിലെ മൂത്ത കാരണവരായിരിക്കും പ്രസിഡന്റ്. ആവശ്യമെന്നു കണ്ടാൽ സമുദായത്തിലെ രണ്ടു പ്രഗത്ഭരെ നോമിനേറ്റ് ചെയ്യാവുന്നതാണ്. ഇതാണ് അസോസിയേഷന്റെ ഇന്നത്തെ രൂപം. ഇപ്പോഴത്തെ അസോസിയേഷൻ പഴമയെയും

പുതുമയെയും സമഞ്ജസമായി സമന്വയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വശത്ത് ഒരിക്കൽ നിന്നുപോയ ദർസ് ആസൂത്രിതമായി പുനഃസംഘടിപ്പിച്ചിരിക്കുന്നു. അതേ സമയം, കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രീഡിഗ്രി (അറബിക് സ്പെഷ്യൽ) മുതൽ പി.ജി വരെയുള്ള കോഴ്സുകളും.

**അവലംബം**


1. മുഹമ്മദ് അബുൽ ഫസൽ- ദാറുൽ ഉലൂം മദ്റസ 1957, സി.എൻ അഹ്മദ് മൗലവി
2. കെ.കെ മുഹമ്മദ് അബ്ദുൽ കരീം- മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം 1978
3. പി.എ സെയ്തു മുഹമ്മദ്- കേരള മുസ്‌ലിം ഡയറക്ടറി
4. മൊയ്തു മൗലവി-ഓർമക്കുറിപ്പുകൾ
5. മൊയ്തു മൗലവി- ഓർമക്കുറിപ്പുകൾ, യുവസരണി
6. ഒലിവ്-92. കോളേജ് മാഗസിൻ
7. ദാറുൽ ഉലൂം ലൈബ്രറി ലഡ്ജർ, ഒന്നാം പുസ്തകം
8. Memmoraedom and Article of Darul Ulum Association 1944
9. Rules of Madrasa Darul Uloom
10. വ്യക്തിഗത ഇന്റർവ്യൂകൾ